

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ലക്കം 1 ഫെബ്രുവരി 2021



**2020 ഡിസംബർ 26 ന് കൂദാശ ചെയ്ത**

**പാറശ്ശാല ഭദ്രാസന കത്തീഡ്രൽ**



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
**കാതോലിക്കാബാവായ്ക്ക്**
**നാമഹേതുക തിരുനാൾ ആശംസകൾ**

## 14–ാം ഓർമ്മപ്പെരുന്നാൾ



**മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ**
**സിറിൽ ബസേലിയോസ് കാതോലിക്കാബാവാ**

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ഫെബ്രുവരി 2021 ലക്കം 1

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Sheen Thankalayam

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil

### ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ (കാതോലിക്കാദിനം) | 4 |
| സർക്കുലർ (എം.സി.സി.എൽ. ദിനം) | 9 |
| സർക്കുലർ (കത്തീഡ്രൽ കൂദാശ) | 12 |
| സഭാ വാർത്തകൾ | 15 |
| ഭദ്രാസന വാർത്തകൾ | 17 |
| വിശ്വാസ പരിശീലന കാര്യാലയം | 23 |
| എം.സി.സി.എൽ. | 25 |
| എം.സി.വൈ.എം. | 26 |
| എം.സി.എ. | 28 |
| മാതൃവേദി | 29 |
| കുടുംബപ്രേഷിത കാര്യാലയം | 30 |
| KIDS | 32 |
| സുവിശേഷസംഘം | 33 |
| വിദ്യാഭ്യാസം | 34 |


*(Private Circulation Only)*

# ഇടയശബ്ദം



സ്നേഹമുള്ളവരെ,

2021 ഫെബ്രുവരി 3–ാം തീയതി ചരിത്രപരമായ ഒരു സർക്കാർതല തീരുമാനത്തിനാണ് നാം കാതോർത്തത് – സംവരണാനുകൂല്യം ഇല്ലാത്ത നാടാർ സമൂഹത്തിൽപെട്ട എല്ലാ ക്രിസ്ത്യാനികളെയും ഒ.ബി.സി. ഗണത്തിൽപ്പെടുത്തി എന്ന തീരുമാനം. അനേക വർഷങ്ങളായി നാം അനുഭവിച്ചിരുന്ന സാമൂഹികമായ ഒരു നീതി നിഷേധത്തിന് വിരാമമിട്ടുകൊണ്ടാണ് ഈ തീരുമാനം വന്നത്. ഇപ്രകാരം ഒരു തീരുമാനത്തിന് സന്നദ്ധമായ സർക്കാരിനോട് നമുക്ക് അതിയായ നന്ദിയും കടപ്പാടുമുണ്ട്.

ചരിത്രപരമായ ഈ നേട്ടത്തിന്, വിവിധ ക്രൈസ്തവ സഭാ സമൂഹങ്ങളിൽ ഉൾപ്പെട്ട അനേകം പേർക്ക് ഉപകരിക്കുന്ന ഈ തീരുമാനം നേടിയെടുക്കുന്നതിന്, മലങ്കര കത്തോലിക്കാ സഭ നിർവഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. നമ്മുടെ സഭയുടെ പ്രഥമ കാതോലിക്കാബാവ അഭിവന്ദ്യ സിറിൽ ബസേലിയോസ് പിതാവ് ദീർഘവീക്ഷണത്തോടെ ഇതിനായി ആരംഭിച്ച സഹനസമരം, മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ തിരുവനന്തപുരത്ത് തന്റെ ശുശ്രൂഷ ആരംഭിച്ച നാൾ മുതൽ നെഞ്ചിലേറ്റി, അതിനായി അക്ഷീണം പരിശ്രമിച്ചു. അഭിവന്ദ്യ ബാവാ തിരുമേനിയുടെ സഭാപരമായ പ്രഥമ പരിഗണനയും സമർപ്പണവും ഈയൊരു വിഷയത്തിലായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. തനിക്ക് സാധ്യമായിരുന്ന എല്ലാ സാഹചര്യങ്ങളും സ്വാധീനങ്ങളും ബന്ധങ്ങളും വളരെ ദീർഘവീക്ഷണത്തോടെ പിതാവ് ഇതിനായി വിനിയോഗിച്ചു. ഇത്തരുണത്തിൽ അഭിവന്ദ്യ ബാവാതിരുമേനിയോട് പാറശാല ഭദ്രാസനത്തിന്റെ പേരിലുള്ള ആത്മാർത്ഥമായ സ്നേഹവും നന്ദിയും കടപ്പാടും പ്രകടിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ ഇടയിൽ നിന്ന് പല വൈദികരും ധാരാളം അല്മായ വിശ്വാസികളും ഈയൊരു നിയോഗ സാക്ഷാത്കാരത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. അതിൽ, നമ്മുടെ ഭദ്രാസനത്തിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ഇപ്പോൾ ശുശ്രൂഷിക്കുന്ന ബഹുമാനപ്പെട്ട പൗലോസ് സാറിന്റെ നേതൃത്വത്തെയും ത്യാഗപൂർണമായ സേവനത്തെയും നന്ദിയോടെ ഓർക്കുന്നു.

ഈയൊരു തീരുമാനത്തിന്റെ സദ്ഫലം ഏറ്റവുമധികം ലഭിക്കുന്നത് നമ്മുടെ പാറശ്ശാല ഭദ്രാസനത്തിലെ വിശ്വാസസമൂഹത്തിനാണല്ലോ. ഭദ്രാസന സംസ്ഥാപനം മുതൽ ദൈവം ഈ വിശ്വാസകുടുംബത്തെ കരുതുന്ന അനന്തമായ സ്നേഹപരിപാലനയുടെ ഏറ്റവും ശ്രേഷ്ഠമായ ഒരു അടയാളമായി നമുക്കിതിനെ മനസ്സിലാക്കാം. നമ്മുടെ നിരവധിയായ പരിമിതികളെ അതിജീവിക്കുവാൻ നമ്മെ ശക്തരാക്കുന്ന വളർച്ചാ സാധ്യതയും

പ്രത്യാശയും ആണ് ഈ തീരുമാനം നമുക്ക് സമ്മാനിച്ചിരിക്കുന്നത്. സമർഥരായ നമ്മുടെ കുട്ടികളും ചെറുപ്പക്കാരും അഭ്യസ്തവിദ്യരും അവർക്ക് ലഭിക്കേണ്ട ന്യായമായ പഠന, ജോലി സാധ്യതകൾ, പതിറ്റാണ്ടുകളായി തുടർന്നുവന്ന ഒരു നീതി നിഷേധത്തിന്റെ പേരിൽ, അവർക്ക് നിരസിക്കപ്പെട്ടിരുന്ന ഒരു നിസ്സഹായാവസ്ഥയിൽ ആയിരുന്നല്ലോ. ആ അവസ്ഥയിൽ നിന്നും ദൈവം തങ്ങൾക്കു നൽകുന്ന സിദ്ധികളും സാധ്യതകളും, തങ്ങളുടെ കഠിനാധ്വാനത്തോടും സമർപ്പണത്തോടും ചേർത്ത് ഫലദായകമായി വിനിയോഗിക്കുവാൻ സാധ്യമാക്കുന്ന പ്രത്യാശാനുഭവത്തിലേക്ക് അവർ കടന്നിരിക്കുന്നു. ഇത് നമ്മുടെ വരുംതലമുറകളെ സാമൂഹികമായി ഉദ്ധരിക്കുവാൻ സഹായിക്കുന്ന ഒരു വലിയ സാധ്യതയായി മാറുന്നു. ഈ സാധ്യതയുടെ വിനിയോഗം തികഞ്ഞ ഉത്തരവാദിത്വബോധത്തോടും സാമൂഹികമായ കർത്തവ്യബോധത്തോടും സഭാത്മകമായ സമർപ്പണബോധത്തോടും നിറവേറ്റുവാൻ നമ്മുടെ വിശ്വാസ സമൂഹത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. വ്യക്തിപരമായ സ്വാർത്ഥതാല്പര്യങ്ങൾ വിശാലമായ ഈ സാധ്യതയുടെ നന്മകൾ നഷ്ടപ്പെടുത്താതിരിക്കാൻ നാം ജാഗ്രത പാലിക്കണം.

ഇത്തരുണത്തിൽ, സംവരണാനുകൂല്യം നമുക്ക് നിഷേധിക്കപ്പെട്ടിരുന്ന അവസരത്തിലും ആഴമുള്ള വിശ്വാസത്തിന്റെയും ഉദാത്തമായ സഭാസ്നേഹത്തിന്റെയും പിൻബലത്തിൽ സംവരണാനുകൂല്യം അനുഭവിച്ചിരുന്ന കൂട്ടായ്മകളിലേക്ക് ചേക്കേറുവാൻ ഉള്ള ശക്തമായ പ്രലോഭനത്തെ ത്യാഗോജ്വലമായി പ്രതിരോധിച്ച് അതിനായി നിരവധി സഹനങ്ങളും നഷ്ടങ്ങളും സസന്തോഷം ഏറ്റുവാങ്ങിയ ബഹുഭൂരിപക്ഷം വരുന്ന നമ്മുടെ ഭദ്രാസന അംഗങ്ങളെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ക്രിസ്തീയവിശ്വാസം നേട്ടങ്ങൾക്കു വേണ്ടിയുള്ള നെട്ടോട്ടമല്ല, പിന്നെയോ നിത്യതയ്ക്കുവേണ്ടിയുള്ള നഷ്ടപ്പെടുത്തലാണ് എന്ന അടിസ്ഥാന പാഠത്തിന്റെ ശക്തമായ സാക്ഷ്യമായിരുന്നു നിങ്ങളുടെ ജീവിതവും നിലപാടുകളും. അതോടൊപ്പം സംവരണാനുകൂല്യം നൽകുന്ന ഭൗതിക ജീവിതോദ്ധാരണത്തിന്റെ സാധ്യതയ്ക്കപ്പുറം നമ്മുടെ വിശ്വാസം ആവശ്യപ്പെടുന്ന ആത്മീയ സമർപ്പണവും സാക്ഷ്യവും കൂടുതൽ ഓജസ്സുള്ളതാക്കുവാൻ, നിത്യതയുടെ അടയാളങ്ങൾ നമ്മുടെ ജീവിതത്തിൽ ശക്തമായി പ്രതിഫലിപ്പിക്കുവാൻ ഇപ്രകാരമുള്ള അവസരങ്ങൾ നമ്മെ പ്രചോദിതരാക്കണം. സംവരണാനുകൂല്യത്തിന്റെ നല്ല സാധ്യതകൾ നമ്മുടെ സാമൂഹ്യ ജീവിതത്തിനും സഭാ ജീവിതത്തിനും കൂടുതൽ ചൈതന്യം പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 1/2021

20.01.2021

## സർക്കുലർ

## കാതോലിക്കാദിനം-2021

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!**

മലങ്കര സുറിയാനി കത്തോലിക്കാസഭ സ്വയം ഭരണാധികാരമുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷമുള്ള 16-ാം കാതോലിക്കാദിനം 2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച നാം ആചരിക്കുകയാണ്. സഭയും സമൂഹവും ലോകംമുഴുവനും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു കാലയളവിലാണ് നാം ഈ വർഷത്തെ കാതോലിക്കാദിനം ആചരിക്കുന്നത്.

കോവിഡ് 19 എന്ന സൂക്ഷ്മാണു ഉയർത്തിയ വെല്ലുവിളികൾ ലോകത്തെ മുഴുവനും പിടിച്ചുലച്ചിരിക്കുന്നു. എല്ലാ ലോകരാഷ്ട്രങ്ങളും മനുഷ്യരും ഈ സൂക്ഷ്മാണുവിന്റെ മുമ്പിൽ പകച്ചുനിൽക്കുന്നിടത്ത് ദൈവത്തിന്റെ വലിയ ഇടപെടൽ ഉണ്ടാകുമെന്ന് നമുക്ക് ഉറച്ചുവിശ്വസിക്കാം. ജോലി ചെയ്യാൻ സാധിക്കാതെ, യാത്ര ചെയ്യാൻ കഴിയാതെ, ഒന്നിച്ചുകൂടാൻ അനുവാദമില്ലാതെ മനുഷ്യവംശംമുഴുവനും ഒരുപോലെ പ്രതിസന്ധിയിലാണ്. സഭയെ സംബന്ധിച്ചിടത്തോളം വളരെ വിഷമമേറിയ സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കൂദാശകൾ സ്വീകരിക്കുവാനാകാതെ, ഒന്നിച്ചാരാധിക്കുവാനാകാതെ വിഷമിക്കുന്ന ദൈവജനവും, തിരക്കൊഴിഞ്ഞ ദൈവാലയത്തിൽ ഏകനായി ബലിയർപ്പിക്കുന്ന വൈദികനും, മരണാനന്തര ശുശ്രൂഷകളിൽ സംബന്ധിക്കുവാനാകാതെ വിതുമ്പുന്ന കുടുംബാംഗങ്ങളും, തിരുന്നാളും, ആഘോഷങ്ങളും ഒന്നും നടത്താൻ സാധിക്കാത്ത ജനസമൂഹവും

ഒക്കെ 2020-ന്റെ വേദനകളാണ്. എല്ലാം പര്യവസാനിച്ചു എന്ന് തോന്നുന്നിടത്ത് ഉത്ഥിതനായ ദൈവത്തിന്റെ പ്രത്യേക ഇടപെടലിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. വിനാശത്തിന്റെ അശുദ്ധ ലക്ഷണമായി കൊറോണാ മഹാവ്യാധിയെ നാം വിലയിരുത്തുമ്പോൾതന്നെ അത് മനുഷ്യരാശിക്ക് നൽകിയ പാഠങ്ങളും വിസ്മരിക്കാനാവില്ല. സർവതും തങ്ങളുടെ അധീനതയിലാണെന്നുള്ള മനുഷ്യന്റെ കാഴ്ചപ്പാടിനെ അത് മാറ്റിമറിച്ചു. അഹന്തയിൽനിന്നും, ആഢംബരങ്ങളിൽനിന്നും മാറി പരസ്പരം കൈകോർക്കാനുള്ള പ്രേരണയും അത് നൽകി. പുതിയ മരുന്നുകളുടെ കണ്ടുപിടുത്തം മനുഷ്യസമൂഹത്തിന് അനുഗ്രഹമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

സഭ സമൂഹമാധ്യമങ്ങളിൽ ഏറെ അവഹേളിക്കപ്പെടുന്ന കാലമാണിത്. സന്ധ്യാവേളകളിലെ മാധ്യമ വിചാരണയിൽ സഭ നിരന്തരം വേട്ടയാടപ്പെടുന്നു. ഇക്കാര്യത്തിൽ സഭയുടെ ഭാഗത്തുനിന്നും വന്നുപോയിട്ടുള്ള എല്ലാ കുറവുകളെ ഓർത്ത് പശ്ചാത്തപിക്കാനും, യഥാർത്ഥ ക്രിസ്തീയസാക്ഷ്യം നൽകുവാനുമുള്ള നല്ല അവസരമായി ഇതിനെ സ്വീകരിക്കുകയാണ് ഉത്തമം. ലാഭനഷ്ട കണക്കുകളുടെ മാത്രം തത്വം മനസിലാകുന്ന ലോകത്തിന് സഭയുടെയും, സന്യാസത്തിന്റെയും, പൗരോഹിത്യത്തിന്റെയും, സമർപ്പണത്തിന്റെയും വില മനസിലാകില്ല. ഈ കാര്യത്തിൽ ജാഗരൂകരായിരിക്കുവാൻ ഞാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു.

നമ്മുടെ സഭയിൽ നവമായി ആരംഭിച്ച മലങ്കര കാത്തലിക് ടി.വി. എന്ന യൂട്യൂബ് ചാനൽ 2020 സെപ്തംബർ 21-ന് പുനരൈക്യ ആഘോഷവേളയിൽ ഉത്ഘാടനം ചെയ്യപ്പെട്ടത് ഏവരും അറിഞ്ഞിരിക്കുമല്ലോ. കഴിഞ്ഞ നാലു മാസംകൊണ്ട് സഭയിലാകമാനം വലിയ ചലനമുണ്ടാക്കാൻ ഈ ചാനലിലൂടെ നമുക്ക് സാധിച്ചത് ഈ കാലഘട്ടത്തിലെ വലിയ കാൽവെയ്പാണ്. നമ്മുടെ സഭയുടെ സിനഡൽ കമ്മീഷൻ ഫോർ മീഡിയ & കമ്മ്യൂണിക്കേഷൻസിന്റെ ഉത്തരവാദിത്വത്തിലാണ് മലങ്കര കാത്തലിക് ടി.വി. പ്രവർത്തിക്കുന്നത്. നമ്മുടെ സഭയുടെ കാര്യാലയമായ കാതോലിക്കേറ്റിൽനിന്നാണ് ഇതിന് നേതൃത്വം നൽകുന്നത്. ആത്മീകവും സഭാപരവും ദൈവശാസ്ത്രപരവുമായ അറിവുകളും, ആത്മീകമായ വളർച്ചക്ക് ഉതകുന്ന വിവിധ പരിപാടികളുമാണ് ഈ ചാനലിലൂടെ അവതരിപ്പിക്കുന്നത്. നമ്മുടെ ദൈവജനം എല്ലാവരും ഈ യൂട്യൂബ് ടി.വി. ചാനൽ സബ്സ്ക്രൈബ് ചെയ്യുകയും ഇതിനെ

പ്രോത്സാഹിപ്പിക്കുകയും ഇതിൽനിന്ന് ആത്മീക നന്മകൾ സ്വീകരിക്കുകയും ചെയ്യണം.

നമ്മുടെ സഭയുടെ ദ്വിതീയ അസംബ്ലി 2019 ഒക്ടോബർ 8, 9, 10 തീയതികളിൽ അനുഗ്രഹകരമായി നടക്കുകയുണ്ടായി. കൃപ നിറയുന്ന കുടുംബങ്ങളെകുറിച്ച് ആഴമായ വിചിന്തനങ്ങളും പഠനങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും അസംബ്ലിയുടെ അനന്തര നന്മകളായിരുന്നു. തുടർനടപടികളെ സംബന്ധിച്ച് വേണ്ട അറിയിപ്പുകൾ എത്രയുംവേഗം നൽകുന്നതാണ്.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ നാമകരണവുമായി ബന്ധപ്പെട്ട മേജർ അതിഭദ്രാസന നടപടികൾ പൂർത്തിയാക്കിയ രേഖകൾ 2016 സെപ്തംബർ 8-ന് റോമിലെ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന് സമർപ്പിച്ചിരുന്നു. തുടർന്ന് നാം കൊടുത്ത രേഖകൾ 281 വാല്യങ്ങളായി തിരിച്ച് തുടർനടപടികൾ ആരംഭിച്ചു. 2020 ഒക്ടോബർമാസം നാമകരണ നടപടികൾക്കായുള്ള 'Positio' പ്രത്യേക പ്രബന്ധം തയ്യാറാക്കി വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തെ ഏല്പിച്ചു. ചരിത്ര പണ്ഡിതരും കർദിനാളന്മാരും അടങ്ങുന്ന ഒരു സമിതി ഇത് പരിശോധിച്ച് മാർപാപ്പായ്ക്ക് നൽകണം. മാർപാപ്പാ അത് അംഗീകരിച്ചാൽ 'ധന്യൻ' പദവിയിലേക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ഉയർത്തപ്പെടും. തുടർന്ന്, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമത്തിൽ അത്ഭുതം നടക്കുമ്പോഴാണ് 'വാഴ്ത്തപ്പെട്ടവൻ' എന്ന പദവിയിലേക്കും വീണ്ടും ഒരത്ഭുതംകൂടി നടക്കുമ്പോൾ 'വിശുദ്ധൻ' എന്ന പദവിയിലേക്കും ഉയർത്തപ്പെടുന്നത്. ഈ കാര്യങ്ങൾക്കെല്ലാം നമ്മുടെ ദൈവജനത്തിന്റെ കൂടുതലായ പ്രാർത്ഥന വളരെ ആവശ്യമാണ്. നമുക്ക് വ്യക്തികളായും കുടുംബമായും സഭയായും ഈ നിയോഗത്തെ ഓർത്ത് പ്രാർത്ഥിക്കാം. ഈ കാര്യത്തിൽ കഴിഞ്ഞ 5 വർഷക്കാലം റോമിൽ താമസിച്ച് നാമകരണ നടപടികൾക്ക് വലിയ സഹായം നൽകിയ ബഹു. സി. ഡോ. സാന്ദ്ര എസ്.ഐ.സി.യെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സഭയുടെ 25-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2021 ഫെബ്രുവരി 22 മുതൽ 27 വരെ കാതോലിക്കേറ്റ് സെന്ററിൽ നടത്തുകയാണ്. സുന്നഹദോസിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ താല്പര്യപ്പെടുന്നു.

പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷം 2030-ൽ നാം നടത്തുന്നതിനുമുമ്പായി അടുത്തുവരുന്ന 10 വർഷങ്ങൾ ഒരുക്കത്തിന്റെ വർഷങ്ങളായി കരുതി വിവിധ പരിപാടികൾ തയ്യാറാക്കുന്നതാണ്. ഈ വർഷത്തെ സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അതിന്റെ തീരുമാനങ്ങൾ ഉണ്ടാകുന്നതാണ്. അതിനുശേഷം ആ വിവരം എല്ലാവരേയും അറിയിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഭരണപരവും അപ്പസ്തോലികവുമായ പ്രേഷിത ശുശ്രൂഷകളെ ഏകോപിപ്പിക്കുന്ന മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ കാതോലിക്കേറ്റ് സെന്ററിന്റെ പ്രവർത്തനങ്ങളെ ഉദാരമായ സ്തോത്രകാഴ്ചകളിലൂടെ സഹായിക്കുന്നതിനുള്ള ഒരവസരംകൂടിയാണ് കാതോലിക്കാദിനം. അന്നത്തെ കാണിക്ക ഈ പ്രത്യേക നിയോഗത്തിലേക്കാണല്ലോ നാം മാറ്റിവയ്ക്കുന്നത്. സഭയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഔദാര്യപൂർണമായ നിങ്ങളുടെ സമർപ്പണം ഈ ദിവസത്തെ സ്തോത്രകാഴ്ചയിൽ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി ഈ കാര്യം ഇടവക ജനങ്ങളെ അറിയിക്കുകയും പ്രോത്സാഹിപ്പിക്കുകയുംവേണം. ഇടവകകൾ മാത്രമല്ല, നമ്മുടെ എല്ലാ സ്ഥാപനങ്ങളും സന്യാസ സമൂഹങ്ങളും അവയുടെ പ്രോവിൻസുകളും ഈ ഉദ്യമത്തിൽ ഔദാര്യത്തോടെ പങ്കാളികളാകണം. ഭദ്രാസനാദ്ധ്യക്ഷന്മാർ അവരവരുടെ ഭദ്രാസനങ്ങളിൽനിന്നുള്ള സ്തോത്രകാഴ്ചയും കാണിക്കയും ഏകോപിപ്പിച്ച് സഭാസിനഡിന്റെ തീരുമാനപ്രകാരമുള്ള വിഹിതം 2021 ഫെബ്രുവരി 22-ന് ആരംഭിക്കുന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ സമർപ്പിക്കേണ്ടതാണ്. സുപ്പീര്യർ ജനറൽമാരും പ്രോവിൻഷ്യൽ സുപ്പീര്യേഴ്സും തങ്ങളുടെ സന്യാസ-സന്യാസിനി സമൂഹങ്ങളുടെ സംഭാവന കാതോലിക്കേറ്റ് സെന്ററിലെ ഫിനാൻസ് ഓഫീസിൽ സുന്നഹദോസിനുമുമ്പ് ഏല്പിക്കേണ്ടതാണ്. ഈ ഉദ്യമത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ഔദാര്യപൂർവം പങ്കുചേർന്ന ഏവരേയും ഞാൻ അഭിനന്ദിക്കുകയും പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്യുന്നു.

കാതോലിക്കാദിനത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻകേന്ദ്രങ്ങളിലും കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയുംവേണം. ഈ ദിനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ

അഭിവന്ദ്യ പിതാക്കന്മാരേയും ബഹു. വൈദികരേയും സന്യസ്തരേയും ദൈവജനത്തേയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കു കയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# MCCL ദിനം 2021
# (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

2021 ഫെബ്രുവരി 14 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാതലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2010 സെപ്റ്റംബർ 20-ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം ഔദ്യോഗികമായി രൂപം കൊണ്ടതാണ് കുട്ടികളുടെ MCCL സംഘടന.

ദൈവഭക്തി ജ്ഞാനവും പ്രബോധനവുമാകുന്നു (പ്രഭാ 1:27) എന്ന തിരുവചനം ആധാരമാക്കി മലങ്കര സുറിയാനി കത്തോലിക്കാസഭ, വിശ്വാസപരിശീലനത്തെ സഭയുടെ അടിസ്ഥാന ശുശ്രൂഷയായി പരിഗണിക്കുന്നു. കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുകയും ഭക്തിമാർഗത്തിൽ പരിശീലിപ്പിക്കുകയും ചെയ്യണമെന്നുള്ളത് തിരുസഭയ്ക്ക് നമ്മുടെ കർത്താവ് ഭരമേല്പ്പിച്ചിട്ടുള്ള അതിപ്രധാനമായ കടമയാകുന്നു എന്ന് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കുട്ടികൾ നാളെ സഭയേയും സമൂഹത്തേയും വിശ്വാസത്തിലും പാരമ്പര്യത്തിലും നയിക്കേണ്ടവരാണ്.

ശൈശവത്തിൽ തന്നെ ദൈവത്തെ അറിഞ്ഞ്, സഭയെയും സമൂഹത്തെയും മനസ്സിലാക്കി, സ്നേഹിച്ച് പ്രവർത്തിക്കുവാനും വളരുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് MCCL സംഘടനയ്ക്ക് .

കോവിഡ്-19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ നാമെല്ലാവരും കടന്നു പോകുമ്പോൾ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യമാണല്ലോ നിലവിൽ ഉള്ളത്. പ്രതിസന്ധിയുടെ ഈ നാളുകളിൽ സങ്കീർത്തകൻ പ്രാർത്ഥിച്ചതു പോലെ "ദൈവത്തോടു ചേർന്നു നിൽക്കുന്നതാണ് എന്റെ ആനന്ദം, ദൈവമായ കർത്താവിൽ ഞാൻ അഭയം പ്രാപിച്ചിരിക്കുന്നു. അവിടുത്തെ പ്രവർത്തികളെ ഞാൻ പ്രഘോഷിക്കും" (സങ്കീ 73:28). എന്ന വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ നമ്മുക്ക് കഴിയണം. പ്രതിസന്ധിയുടെ കാലഘട്ടത്തിലാണല്ലോ നാം നമ്മുടെ വിശ്വാസത്തിൽ ദൃഢപ്പെടേണ്ടത്. നമ്മുടെ കുട്ടികൾക്ക് ദേവാലയത്തിൽ ഒന്നിച്ചു കൂടി പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുവാനും കഴിയാത്ത സാഹചര്യത്തിലും കുട്ടികളുടെ വിശ്വാസപരിശീലനത്തിനു ഒരു കുറവും വരാൻ പാടില്ല എന്നു മനസിലാക്കിയാണ് എല്ലാ ഭദ്രാസനങ്ങളും ഓൺലൈൻ മതബോധന സംവിധാനം ഏർപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. ഈ അവസരത്തിൽ ഇപ്രകാരം ക്രമീകരണങ്ങൾ ചെയ്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കട്ടെ.

കോവിഡ്-19 മഹാമാരിമൂലം നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ന്യൂതനമായ രീതിയിൽ മാറ്റുവാൻ നാം നിർബന്ധിതരായിരിക്കുകയാണല്ലോ. 2021 ഫെബ്രുവരി 14-ന് MCCL ദിനം ആഘോഷിക്കുമ്പോഴും സാഹചര്യം വ്യത്യസ്തമല്ല. നമ്മുടെ കുട്ടികളുടെ പഠനം, കൂടിവരവുകൾ, ആരാധനജീവിതം അങ്ങനെ എല്ലാം വ്യത്യസ്തമായ രീതിയിലേക്ക് മാറ്റപ്പെട്ടു. ഈ വർഷത്തെ MCCL ദിനാഘോഷം മുൻവർഷങ്ങളിലെപോലെ ആഘോഷിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. 2021 ഫെബ്രുവരി 14 MCCL ദിനമായി ആചരിക്കുമ്പോൾ ഓരോ ഇടവകയും അതാതു ഭദ്രാസനവും ഭദ്രാസനത്തിൽ നിന്നുള്ള പ്രത്യേക അറിയിപ്പുകൾ സ്വീകരിച്ചുകൊണ്ടും ഇടവക വികാരിയുടെ പ്രത്യേക നിർദ്ദേശവും കോവിഡ്-19ന്റെ പ്രത്യേക മാനദണ്ഡങ്ങളും കണക്കിലെടുത്തുകൊണ്ടും ആഘോഷങ്ങൾ ക്രമീകരിക്കാവുന്നതാണ്. അന്നേദിവസത്തെ വി. കുർബായിൽ മതബോധന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ

അദ്ധ്യാപകരെയും കുട്ടികളെയും സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെയും കുട്ടികളെയും ബോദ്ധ്യപ്പെടുത്തുവാൻ ഇട വക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കുട്ടികളുടെ വിശ്വാസ പരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേ രുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു. ഏവ രുടെയും പ്രാർത്ഥനപൂർവ്വമായ സഹായവും സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്,

+ Eusebius

**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ,
പാറശാല ഭദ്രാസനാദ്ധ്യക്ഷൻ

# THE SYRO-MALANKARA CATHOLIC CHURCH
DIOCESE OF PARASSALA

**THOMAS MAR EUSEBIUS**
Bishop Parassala

Catholic Bishop's House
Ayira P.O., Kudayal
Parassala - 695502


TO BE EVERYTHING TO EVERYONE IN CHRIST

No. PL.2/2020

December 17, 2020

## സർക്കുലർ

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

നമ്മുടെ വിശ്വാസത്തിന്റെ മർമ്മം ആയ ദൈവത്തിന്റെ മനുഷ്യാവതാര പെരുന്നാൾ ആഘോഷിക്കുവാനുള്ള ആത്മീയവും സഭാത്മകവുമായ തയ്യാറെടുപ്പിലാണല്ലോ നാമേവരും. ഇന്ന് ലോകം മുഴുവനെയും ഗ്രസിച്ചിരിക്കുന്ന പകർച്ചവ്യാധിയുടെയും അത് സംജാതമാക്കിയ നിയന്ത്രണങ്ങളുടെയും മധ്യ ആണെങ്കിൽ പോലും ഈ പെരുന്നാൾ സംഗതമായ ഒരു ആത്മീയ ആഘോഷമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഈ മാസം പതിനാറാം തീയതി വത്തിക്കാനിൽ ജനറൽ ഓഡിയൻസ് മധ്യേ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പരാമർശിക്കുകയുണ്ടായി; നാമിന്ന് അനുഭവിക്കുന്ന നിയന്ത്രണങ്ങളെക്കാൾ എത്രയോ രൂക്ഷമായ പ്രയാസങ്ങളിലൂടെയും പരിമിതികളിലൂടെയുമാണ് ആദ്യ ക്രിസ്മസ് വേളയിൽ പരിശുദ്ധ അമ്മയും യൗസേപ്പ് പിതാവും കടന്നുപോയത്. അവർക്ക് താങ്ങായ വിശ്വാസവും സ്നേഹവും പ്രത്യാശയും തന്നെയാണ് നമ്മുടെയും പരിച. ദൈവത്തിന്റെ അനന്തമായ, രക്ഷാകരമായ സ്നേഹം അവതീർണ്ണമായതാണല്ലോ ക്രിസ്തുമസ്. ഈ സ്നേഹമാണ് അതിന്റെ എല്ലാ അർഥതലങ്ങളെയും ഉൾക്കൊണ്ടു കൊണ്ട് സവിശേഷമായ രീതിയിൽ ക്രിസ്മസ് ദിനങ്ങളിൽ നാം പ്രഘോഷിക്കുന്നതും സാക്ഷിക്കുന്നതും. സ്വയം ചെറുതാകുന്ന, അപരനെ വലുതാക്കുന്ന ഈ സ്നേഹത്തിന്റെ തീവ്രമായ അനുഭവവും പങ്കുവയ്ക്കലും ഞാൻ ഏവർക്കും ആശംസിക്കുന്നു.

നാം കുറേയേറെ നാളുകളായി നമ്മുടെ ഭദ്രാസന ദൈവാലയത്തിന്റെ നിർമ്മിതിയിൽ ഉൾചേർന്നിരിക്കുകയായിരുന്നല്ലോ. 2017 ഓഗസ്റ്റ് മാസം അഞ്ചാം തീയതി പാറശാല ഭദ്രാസനം നിലവിൽ

വന്നപ്പോൾ, പാറശ്ശാല കോട്ടവിള സെന്റ് മേരീസ് ദൈവാലയമാണ് നമ്മുടെ ഭദ്രാസന ദൈവാലയമായി നിജപ്പെടുത്തിയത്. ഭദ്രാസന ദൈവാലയം എന്ന പദവി ലഭിച്ചതോടുകൂടി അവിടെ നിർമ്മാണത്തിൽ ആയിരുന്ന ദൈവാലയത്തിൽ ആവശ്യമായ മാറ്റങ്ങളും സൗകര്യങ്ങളും ക്രമീകരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നാം കൂടുതൽ ഊർജിതമാക്കി. ഭദ്രാസന ശുശ്രൂഷകളുടെ പ്രാരംഭ പരിമിതികളിൽ കൂടെയാണ് നാം കടന്നു പോകുന്നതെങ്കിലും, നമ്മുടെ ഭദ്രാസനത്തിന്റെ മുഴുവൻ സ്വപ്നമായ ഈ ദൈവാലയ നിർമാണം, ദൈവത്തിന്റെ അനന്തമായ പരിപാലനയിൽ, ഏതാണ്ട് പൂർത്തിയാക്കുവാൻ നമുക്ക് സാധിച്ചു. ഇത്തരുണത്തിൽ ഭദ്രാസന ദൈവാലയ ഇടവകാംഗങ്ങൾ, ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തിയ സമർപ്പണങ്ങളെയും അതിനായി ഏറ്റെടുത്ത ത്യാഗങ്ങളെയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ഈ ദൈവാലയ നിർമ്മിതിയെ പ്രാർത്ഥനകൊണ്ടും ചെറുതും വലുതുമായ സംഭാവനകൾ കൊണ്ടും സഹായിച്ച എല്ലാവരോടുമുള്ള നന്ദിയും ഞാൻ പ്രകാശിപ്പിക്കുന്നു.

ഭദ്രാസന ദൈവാലയത്തിന്റെ മൂറോൻ കൂദാശ 2020 ഡിസംബർ 26 -ാം തീയതി ഉച്ചയ്ക്കുശേഷം 2.30ന് നടത്തപ്പെടുകയാണ്. നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ പ്രധാന കാർമികത്വത്തിലും സഭയിലെ മറ്റു പിതാക്കന്മാരുടെ സഹകാർമികത്വത്തിലും ആണ് ശുശ്രൂഷകൾ നടക്കുക. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായാണ് നാം ഈ കൂദാശകർമ്മം നിർവഹിക്കുന്നത്. അതിനാൽ നമ്മുടെ ഭദ്രാസന അംഗങ്ങൾക്ക് പ്രാതിനിധ്യ സ്വഭാവത്തോടുകൂടി മാത്രമേ ഈ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ സാധിക്കൂ എന്നത് വ്യസനപൂർവ്വം അറിയിക്കുന്നു. എങ്കിലും, ഭദ്രാസന ദൈവാലയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും ഒരു വ്യക്തി നിർബന്ധമായും ഇതിൽ സംബന്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു. ശേഷമുള്ള ഇടവകാംഗങ്ങൾക്ക് കൂദാശ കർമ്മത്തിന് ശേഷമുള്ള ദിവസങ്ങളിൽ വ്യക്തിപരമായോ ഗ്രൂപ്പുകളായോ വന്ന് ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ സാധിക്കുന്നതാണ്.

ഭദ്രാസന ദൈവാലയ നിർമ്മിതിയോടു ചേർന്ന് ഇടവകക്കായി ഒരു വൈദിക മന്ദിരവും പണിതു പൂർത്തിയാക്കുവാൻ ദൈവം

കരുണയായി. വൈദികമന്ദിര കൂദാശാകർമ്മം 2020 ഡിസംബർ 20 -ാം തീയതി നിർവഹിക്കുകയാണ്. ഈ രണ്ടു ശുശ്രൂഷകളിലും വന്നു സംബന്ധിക്കുവാൻ സാധിക്കാത്ത നമ്മുടെ ബഹുഭൂരിപക്ഷം വിശ്വാസികളും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയാലും സഹായങ്ങളാലും നമ്മുടെ ഈ ശുശ്രൂഷകളെ ശക്തിപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

ഏവർക്കും സന്തോഷപ്രദമായ ക്രിസ്തുമസും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരവും ഞാൻ സ്നേഹപൂർവ്വം ആശംസിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസയുടെയും സാന്നിധ്യവും സംരക്ഷണവും നമ്മോടൊപ്പം ആയിരിക്കട്ടെ.

സസ്നേഹം,

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്
പാറശ്ശാല രൂപതാധ്യക്ഷൻ

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## Malankara Catholic TV സ്റ്റുഡിയോ കൂദാശ

കമ്മ്യൂണിക്കേഷൻ & മീഡിയയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ Malankara Catholic TV യുടെ 'സ്റ്റുഡിയോ' 2020 ഡിസംബർ 12, ശനിയാഴ്ച, രാവിലെ 8 മണിക്ക് സഭയുടെ ആസ്ഥാന കാര്യാലമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയിൽ, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ കൂദാശ ചെയ്തു.

## മൊബൈൽ ആപ്ലിക്കേഷൻ


മലങ്കര സുറിയാനി കത്തോലിക്കാ സഭാ വിശ്വാസികളുടെ ഉപയോഗത്തിനായി സഭയുടെ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ, എം.സി.വൈ.എം. സഭാതല സമിതി രൂപകൽപന ചെയ്ത ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷൻ, 2020 ഡിസംബർ 31 ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ പുതുവത്സര കുർബാനയ്ക്ക് ശേഷം സഭാമക്കൾക്കായി സമർപ്പിച്ചു. ഈ ആപ്ലിക്കേഷനിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യാമപ്രാർത്ഥനകൾ, നോമ്പുകാല പ്രാർത്ഥനകൾ, ശ്ഹീമോ നമസ്കാരം എന്നിവയും ഇടയലേഖനങ്ങൾ ക്രൈസ്തവ കാഹളം, ഐക്യദീപം എന്നിവയും വിരൽത്തുമ്പിൽ ലഭ്യമാകും. മീഡിയാ കമ്മീഷന്റെ ചുമതലയിലാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്



## പാസ്റ്ററൽ ട്രെയിനിംഗ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 2020-21 അധ്യയനവർഷത്തിലെ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാർക്ക് വേണ്ടിയുള്ള പാസ്റ്ററൽ ട്രെയിനിങ് 2021 ജനുവരി 18 മുതൽ 28 വരെ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. അത്യഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ തിരുമേനി ട്രെയിനിംഗിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ പിതാക്കന്മാരും സഭയിലെ വിവിധ വൈദികരും സന്യസ്തരും സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രഗൽഭരായ വ്യക്തികളും വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ നയിച്ചു.

## ബഥനി സന്യാസ സമൂഹത്തിന് പുതിയ ടീം



ബഥനി സന്യാസ സമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറലായി റവ. ഡോ. മത്തായി കടവിൽ ഓ.ഐ. സി. തിരഞ്ഞെടുക്കപ്പെട്ടു. മറ്റ് കൗൺസിലേഴ്സ്:

I കൗൺസിലർ : റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ OIC
II കൗൺസിലർ : റവ. ഡോ. വർഗ്ഗീസ് വിജയാനന്ദ് OIC
III കൗൺസിലർ : റവ. ഫാ. വർഗ്ഗീസ് തറമുറ്റം OIC
IV കൗൺസിലർ: റവ. ബ്രദർ ഗ്രേഷ്യസ് OIC

പ്രൊക്യുറേറ്റർ ജനറൽ : റവ. ഫാ. ജോൺ പ്ലാവിളയിൽ OIC

സെക്രട്ടറി ജനറൽ : റവ. ഫാ. ജോബിൻ കുര്യാക്കോസ് OIC

## മേരീമക്കൾ സന്യാസിനീ സമൂഹത്തിന് പുതിയ ജനറൽ ടീം

മേരീമക്കൾ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി ബഹു. മദർ ലിഡിയ ഡി.എം.-നെ തെരഞ്ഞെടുത്തു. ബഹു. സിസ്റ്റർ ട്രീസാ പീറ്റർ ഡി.എം അസിസ്റ്റൻറ് ജനറൽ ആയി തെരഞ്ഞെടുക്കപ്പെട്ടു. ബഹു. സിസ്റ്റർ റോസ് ജോൺ ഡി .എം., ബഹു. സിസ്റ്റർ എലിസബത്ത് വർഗീസ് ഡി .എം., ബഹു. സിസ്റ്റർ ജോവാൻ മരിയ ഡി .എം., ബഹു. സിസ്റ്റർ റോസ് പോൾ ഡി.എം (ജനറൽ ഫിനാൻസ് ഓഫീസർ), ബഹു. സിസ്റ്റർ മേരി പിയോ ഡി.എം. (സെക്രട്ടറി ജനറൽ) എന്നിവരാണ് പുതിയ ജനറൽ ടീം അംഗങ്ങൾ.

# ഭദ്രാസന വാർത്തകൾ

## പാറശ്ശാല ഭദ്രാസന കത്തീഡ്രൽ കൂദാശ

പാറശ്ശാല ഭദ്രാസനത്തിന്റെ കത്തീഡ്രൽ ദൈവാലയം 2020 ഡിസംബർ 26 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കൂദാശ ചെയ്തു. കോട്ടവിള സെന്റ് മേരീസ് ദൈവാലയം 2017 ഓഗസ്റ്റ് 5 ന് പാറശാല ഭദ്രാസനം രൂപീകൃതമായതോടുകൂടിയാണ് കത്തീഡ്രലായി ഉയർത്തപ്പെട്ടത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിലാണ് ദൈവാലയ മൂറോൻ കൂദാശ നടന്നത്. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ ജോസഫ് മാർ തോമസ്, പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ സാമുവൽ മാർ ഐറേനിയോസ്, മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ വിൻസെന്റ് മാർ പൗലോസ്, മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ യൂഹാനോൻ മാർ തിയോഡോഷ്യസ്, പത്തനംതിട്ട ഭദ്രാസന മുൻ അധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം, നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ വിൻസെന്റ് സാമുവേൽ എന്നിവർ സഹകാർമികരുമായിരുന്നു.



വൈദികർ, സന്യസ്തർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകകളിലെ പ്രത്യേക പ്രതിനിധികൾ തുടങ്ങിയവർ കോവിഡ് 19 മാനദണ്ഡങ്ങൾക്ക് വിധേയമായി കൂദാശയിൽ പങ്കെടുത്തു. 2020 ഡിസംബർ 27 ഞായറാഴ്ച രാവിലെ 9 മണിക്ക് ഭദ്രാസനാധ്യക്ഷൻ വിശുദ്ധ കുർബാന അർപ്പിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറൽ മോൺ. ജോസ് കോണത്തുവിള, ചാൻസിലർ റവ. ഫാ. ഹോർമിസ് പുത്തൻ വീട്ടിൽ, റവ. ഫാ. ബർണാഡ് വലിയവിള, ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ കണ്ണന്താനം, വിവിധ കമ്മിറ്റിയംഗങ്ങൾ എന്നിവർ കൂദാശാ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

## വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പായുടെ 41-ാം ചരമദിനം

വന്ദ്യ ഉഴുന്നല്ലൂർ ഫിലിപ്പ് കോറെപ്പിസ്ക്കോപ്പായുടെ 41-ാം ചരമ ദിനാചരണം 2020 നവംബർ 5-ാം തീയതി നെല്ലിക്കാട് വച്ച് നടന്നു. വി. കുർബാനയ്ക്കും ധൂപപ്രാർത്ഥനയ്ക്കും അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ മുഖ്യകാർമ്മികനായിരുന്നു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ്, ബഹുമാനപ്പെട്ട വൈദികർ എന്നിവർ സഹ കാർമ്മികരുമായിരുന്നു. അനേകം സന്യസ്തരും വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.



## വൈദികരുടെ വാർഷിക ധ്യാനം

പാറശ്ശാല ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക ധ്യാനം 2021 ജനുവരി 17 ഞായർ മുതൽ 21 വെള്ളി വരെ കഴക്കൂട്ടം മരിയ റാണി സെന്ററിൽ വച്ച് നടന്നു. റവ. ഫാ. ജോസഫ് റോയ് കടുപ്പിൽ ധ്യാനം നയിച്ചു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവും ഭദ്രാസനത്തിലെ വൈദികരും വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

## പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ്

2020 ഡിസംബർ 15 ചൊവ്വാഴ്ച രാവിലെ 9.30ന് പാറശ്ശാല ഭദ്രാസന പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗും തുടർന്ന് വിവിധ ഡിപ്പാർട്ട്മെന്റ്കളുടെയും സ്ഥാപനങ്ങളുടെയും അവലോകന മീറ്റിംഗും നടന്നു. വിവിധ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവർ അതുവരെയുള്ള വരവ് ചെലവ് കണക്കും ഡിപ്പാർട്ട്മെന്റുകളുടെ റിപ്പോർട്ടും അവതരിപ്പിച്ചു. അതേത്തുടർന്ന് നടന്ന പൊതുചർച്ചയിൽ ഭദ്രാസനത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് സഹായകമാകുന്ന നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

## സുവർണ ജൂബിലി ആഘോഷം

തെക്കിന്റെ അപ്പസ്തോലനായ വന്ദ്യ ഫിലിപ്പ് ഉഴന്നല്ലൂർ കോറെപ്പിസ്ക്കോപ്പായാൽ 1970-ൽ സ്ഥാപിതമായ പെരുമ്പഴുതൂർ സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ സുവർണജൂബിലി ആഘോഷം 2021 ജനുവരി 3 ഞായറാഴ്ച നടന്നു. മുൻവികാരിമാരായ ബഹു. സാം വെങ്ങാട്ടൂരച്ചൻ, ബഹു. കുരിയാക്കോസ് കുത്തനേത്തച്ചൻ, ബഹു. ജോസഫ് വെണ്മാനത്തച്ചൻ, ബഹു. തോമസ് ഈട്ടിക്കാലായിലച്ചൻ എന്നി



വർ ചേർന്ന് അർപ്പിച്ച വി. കുർബാനയോടെ ആഘോഷങ്ങൾ ആരംഭിച്ചു. വി. കുർബാനയ്ക്കുശേഷം ആഘോഷങ്ങളുടെ മുഖ്യാതിഥിയായ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവിനെ ദൈവാലയ കവാടത്തിൽ സ്വീകരിക്കുകയും ജൂബിലി സ്മാരകമായ സെന്റ് ആന്റണീസ് സുവർണജൂബിലി ഹാൾ അഭിവന്ദ്യ പിതാവ് കൂദാശ ചെയ്ത് ഉദ്ഘാടനം നടത്തി. ജൂബിലി സമാപന സമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ബഹുമാനപ്പെട്ട പ്രഭീഷ് ജോർജ്ജച്ചൻ സ്വാഗതവും ഇടവക സൺസ്കൂൾ പ്രധാനാദ്ധ്യാപിക ശ്രീമതി സന്ധ്യ ഇടവക ചരിത്രവും അവതരിപ്പിച്ചു. ഭദ്രാസന വികാരി ജനറാൾ വന്ദ്യ മോൺ. ജോസ് കോണത്തുവിള അച്ചൻ, നിർമ്മലാ പ്രോവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ മദർ ലിഡിയ ഡി.എം., ജില്ലാ വികാരി പെരിയ ബഹുമാനപ്പെട്ട ആന്റണി പ്ലാംപറമ്പിൽ, വാർഡ് കൗൺസിലർ ശ്രീ. ജി. ഗോപകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. തദവസരത്തിൽ ഇടവകയിൽ സേവനം ചെയ്ത ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനേയും അഭിവന്ദ്യ പിതാവ് ആദരിച്ചു. ഇടവക സെക്രട്ടറി ശ്രീ. പീറ്റർ ഏവർക്കും നന്ദിയർപ്പിച്ചു. സ്നേഹഭോജനത്തോടെ സുവർണ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. ആഘോഷങ്ങൾക്ക് ഇടവക വികാരി ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് നേതൃത്വം നൽകി.

## ദൈവവിളി ക്യാമ്പ്

സ്നേഹദീപം മൈനർ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ദൈവവിളി ക്യാമ്പിൽ 56 പേർ പങ്കെടുത്തു.



## ഉപദേശി സംഗമം

നെയ്യാറ്റിൻകര വൈദിക ജില്ലയിലെ ഇടവകയിലെ ഉപദേശിമാരുടെ സംഗമം 2020 നവംബർ 19-ന് കൊടങ്ങാവിള സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. രൂപതാ മിഷൻ കോർഡിനേറ്റർ ഫാ. പ്രഭീഷ് ജോർജ്ജിന്റെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ ജില്ലാ വികാരി പെരിയ ബഹു. ആന്റണി പ്ലാംപറമ്പിലച്ചൻ സന്നിഹിതനായിരുന്നു. 13 ഉപദേശിമാർ സംഗമത്തിൽ പങ്കെടുത്തു.



## വൈദികരുടെ മാസ ധ്യാനം

പാറശ്ശാല ഭദ്രാസനത്തിലെ വൈദികരുടെ മാസധ്യാനം 2020 ഡിസംബർ 9 ന് അരമനയിൽ വച്ച് നടന്നു.

## ആദരാഞ്ജലികൾ



ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിലെ റവ. സിസ്റ്റർ ഹിമ എസ്.ഐ.സിയുടെ വത്സല മാതാവും റവ. ഫാ. ജോസ് പാറയിൽക്കടയുടെ വല്യമ്മച്ചിയുമായ അരുവാട്ടുകോണം, പാറയിൽക്കട ശ്രീമതി കമലാ ഭായ് (72) 2020 ഒക്ടോബർ 11-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു.



പാറശ്ശാല ഭദ്രാസന സണ്ടേസ്കൂൾ ആനിമേറ്റർ റവ. സിസ്റ്റർ സാന്ത്വന ഡി.എം.ന്റെ വത്സല പിതാവ് ശ്രീ. മാത്യു പടാരത്തിൽ (86) നിര്യാതനായി. സംസ്കാരം ചൊവ്വാഴ്ച 2020 നവംബർ 3-ാം തീയതി രാവിലെ 10.30 ന് ചങ്ങനാശ്ശേരി വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്നു.



റവ. ഫാ. ജോർജ്ജ് മേച്ചേരിമുകളിലിന്റെ വത്സല പിതാവ് രാജു മേച്ചേരിമുകളിൽ (57), 2020 നവംബർ 22-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. കബറടക്ക ശുശ്രൂഷകൾ 2020 നവംബർ 23-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭവനത്തിലും തുടർന്ന് 3 മണിക്ക് കൊടുമൺ സെന്റ് ബഹനാൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലും വച്ച് നടത്തപ്പെട്ടു.



റവ. ഫാ. ജോൺ ഐക്കരയുടെ വത്സല മാതാവ് കുഞ്ഞുമോൾ മാത്യു (61) 2020 ഡിസംബർ 1-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. കബറടക്ക ശുശ്രൂഷ ഉച്ചയ്ക്ക് 3 മണിക്ക് ഭവനത്തിലും തുടർന്ന് 4 മണിക്ക് ഇരമത്തൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ചും നടന്നു.



പാറശ്ശാല വൈദിക ജില്ലയിലെ വന്യക്കോട് മലങ്കര സുറിയാനി ത്തോലിക്കാ ദൈവാലയത്തിൽ ദീർഘകാലം ഇടവക ശുശ്രൂഷിയായിരുന്ന ശിഖാമണി (74) ഉപദേശി 2020 നവംബർ 7 ശനിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. ഭദ്രാസനത്തിനുവേണ്ടി വികാരി ജനറാൾ വന്ദ്യ മോൺ. ജോസ് കോണത്തുവിള ഭവനത്തിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം വഹിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. സംസ്ക്കാര ശുശ്രൂഷകൾ പിറ്റേദിവസം നടന്നു.



കാട്ടാക്കട വൈദിക ജില്ലയിലെ കണ്ടല ഫാത്തിമാ മാതാ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ ആരംഭം മുതൽ ദീർഘകാലം ഇടവക ശുശ്രൂഷിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സത്യനേശൻ ഉപദേശി (88) 2021 ജനുവരി 19 ചൊവ്വാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ് ക്കാര ശുശ്രൂഷകൾ അന്നേദിവസം ഭദ്രാസന വികാരി ജനറാൾ വന്ദ്യ മോൺ. ജോസ് കോണ ത്തുവിളയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

# വിശ്വാസ പരിശീലന കാര്യാലയം



## പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ

1. പരീക്ഷ 2021 ജനുവരി 3 ഞായറാഴ്ച കൃത്യം 2 മണിക്ക് ആരംഭിച്ച് 4.30 ന് തന്നെ അവസാനിപ്പിക്കേണ്ടതാണ്.
2. പരീക്ഷ അതാത് ഇടവകകളിൽ വച്ചോ, ഒരു വൈദികന്റെ മേൽനോട്ടത്തിലുള്ള ഇടവകയിലെ കുട്ടികൾക്ക് ഒരുമിച്ചോ നടത്താവുന്നതാണ്.
3. പരീക്ഷയുടെ ആരംഭത്തിൽ തന്നെ കുട്ടികളിൽ നിന്നും ഡയറി വാങ്ങണം.
4. പരീക്ഷകൾ സുതാര്യമായി നടത്തുവാൻ പ്രഥമ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.
5. ഓരോ പള്ളിയിലെയും രജിസ്ട്രേഷൻ ഫോം പ്രഥമാധ്യാപകർ പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തിയതിനുശേഷം കുട്ടികളിൽ നിന്നും കൈയ്യൊപ്പ് വാങ്ങേണ്ടതാണ്.
6. പരീക്ഷ രജിസ്ട്രേഷൻ നടത്താത്ത കുട്ടികൾ പരീക്ഷ എഴുതാനായി വരുന്നു എങ്കിൽ രജിസ്ട്രേഷൻ ഫീസ് ആയി 200 രൂപയും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും വാങ്ങിയതിനുശേഷം കുട്ടിയുടെ പേരും, പിതാവിന്റെ പേരും ലിസ്റ്റിൽ എഴുതി നല്കേണ്ടതാണ്. രജിസ്റ്റർ നമ്പർ ഓഫീസിൽ നിന്നും പിന്നീട് എഴുതി ചേർക്കുന്നതാണ്.
7. കുട്ടികൾക്ക് പരീക്ഷ എഴുതാനുള്ള പേപ്പർ (A4 size) ഇടവകകളിൽ നിന്നും ക്രമീകരിച്ച് ഇടവകസീൽ / വികാരിയുടെ സീൽ പതിച്ച് നല്കേണ്ടതാണ്. സീൽ ഇല്ലാത്ത ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല.
8. വിദ്യാർത്ഥികൾ അവരുടെ പേരും, വിശദവിവരങ്ങളും നല്കപ്പെടുന്ന പ്രഫോർമയിൽ (Proforma) എഴുതി നല്കേണ്ടതാണ്. ഉത്തരക്കടലാസിൽ എഴുതേണ്ടതില്ല.
9. കേന്ദ്രത്തിൽ നിന്നും നല്കിയിരിക്കുന്ന 10, 12 ക്ലാസ്സുകളിലെ ലിസ്റ്റ് അനുസരിച്ച് ഉത്തരപേപ്പർ കൃത്യമായി നമ്പർ അടിസ്ഥാനത്തിൽ ക്രമീകരിക്കുക. പരീക്ഷ എഴുതാത്ത വിദ്യാർത്ഥികളെ ലിസ്റ്റിൽ നിന്നും കൃത്യമായി അറിയത്തക്കവണ്ണം Absent രേഖപ്പെടുത്തുകയും, ലിസ്റ്റ് ഉത്തരക്കടലാസ്, ഡയറി എന്നിവയോടൊപ്പം ജില്ലാ കേന്ദ്രത്തിൽ അന്ന് തന്നെ പ്രഥമാധ്യാപകർ എത്തിക്കേണ്ടതുമാണ്.
10. ജില്ലാതലത്തിൽ പരീക്ഷാമൂല്യനിർണ്ണയം നടത്തുമ്പോൾ ഉത്തരക്കടലാസുകളിൽ മാർക്ക് രേഖപ്പെടുത്തുകയോ, ശരി, തെറ്റ് അടയാളപ്പെടുത്തുകയോ ചെയ്യരുത്.
11. ഓരോ ജില്ലയിൽ നിന്നും 10, 12 ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് ഉത്തരക്കടലാസുകൾ വീതം 2021 ജനുവരി 31 ന് മുൻപായി ജില്ലാ ഡയറക്ടേഴ്സ് കേന്ദ്രകാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.
12. പരീക്ഷ നടത്തുമ്പോൾ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് (മാസ്ക്, അകലം, സാനിറ്റൈസർ)

## 10 12 ക്ലാസുകളിലെ സർട്ടിഫിക്കറ്റ് പരീക്ഷകൾ

2019 2020 അധ്യയനവർഷത്തെ 10 12 ക്ലാസുകളിലെ സർട്ടിഫിക്കറ്റ് പരീക്ഷകൾ, 2021 ജനുവരി 3-ാം തീയതി ഞായർ ഉച്ചകഴിഞ്ഞ് അതാത് ഇടവകകളിൽ വച്ച് നടത്തി.

## മാർഗ്ഗദീപം യൂട്യൂബ് ചാനൽ

പാറശ്ശാല ഭദ്രാസനത്തിലെ വിശ്വാസപരിശീലന കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ മാർഗ്ഗദീപം എന്ന പേരിൽ ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചിരിക്കുന്നു. 1 മുതൽ 12 വരെയുള്ള വിശ്വാസ പരിശീലന ക്ലാസ്സുകളുടെ വീഡിയോകൾ ഇതിൽ ലഭ്യമാണ്.

## ഓൺലൈൻ വിശ്വാസ പരിശീലന ക്ലാസ്സുകൾ

ദൈവാലയങ്ങളിൽ വച്ചുള്ള വിശ്വാസ പരിശീലന ക്ലാസുകൾക്ക് പകരമായി ബഹുമാനപ്പെട്ട വൈദികരേയും സിസ്റ്റേഴ്സിനെയും ബ്രദേഴ്സിനെയും അധ്യാപകരെയും ഉൾപ്പെടുത്തി 1 മുതൽ 12 വരെയുള്ള പാഠപുസ്തകങ്ങളിലെ പാഠങ്ങൾ ക്ലാസുകളായി ചിട്ടപ്പെടുത്തി, റെക്കോർഡ് ചെയ്ത് യൂട്യൂബ് ചാനൽ വഴി അധ്യാപകർക്കും വിദ്യാർഥികൾക്കും ലഭ്യമാക്കി.

## മാർഗ്ഗദീപം ത്രൈമാസിക

പാറശ്ശാല ഭദ്രാസനത്തിലെ വിശ്വാസപരിശീലന കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് സഭാപരമായ അറിവ് പ്രദാനം ചെയ്യുന്നതിനും വായനാശീലം വളർത്തുന്നതിനുമായി മാർഗ്ഗദീപം എന്ന പേരിൽ ഒരു ത്രൈമാസിക 2020 ജനുവരിയിൽ പ്രസിദ്ധീകരിച്ചു. നിലവിൽ 1300 ഓളം വരിക്കാർ ഉണ്ട്. മാർഗ്ഗദീപത്തിൻറെ രണ്ടാം ലക്കം മാർച്ച് മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## പുസ്തകവിതരണം

2020-2021 അധ്യയന വർഷത്തേക്കുള്ള വിശ്വാസപരിശീലന ക്ലാസ്സുകളുടെ പുസ്തകങ്ങൾ വിതരണം ചെയ്തു.

## അധ്യാപക മീറ്റിംഗ്

വിശ്വാസപരിശീലന ക്ലാസ്സുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും അധ്യാപകർക്ക് നിർദ്ദേശം നൽകുന്നതിനുമായി ജില്ലാ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകകൾ കേന്ദ്രീകരിച്ച് അധ്യാപക മീറ്റിംഗ് സംഘടിപ്പിച്ചു.

## പരീക്ഷാ രജിസ്ട്രേഷൻ

2020-2021 അധ്യയന വർഷത്തെ പരീക്ഷകൾ 2021 ഏപ്രിൽ മാസം നടത്തുന്നതാണ്. 10, 12 ക്ലാസുകളിലെ സർട്ടിഫിക്കറ്റ് പരീക്ഷകൾ 2021 മെയ് മാസം 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടത്തുന്നതാണ്. പരീക്ഷയിൽ പങ്കെടുക്കുന്നവർ 2021 മാർച്ച് 28 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫോം ജില്ലാ ഡയറക്ടർ വഴി ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2021 മാർച്ച് 28 വരെ 100 രൂപയും അതിനുശേഷം 200 രൂപയും ആയിരിക്കും.

## എം.സി.സി.എൽ.

പാറശ്ശാല ഭദ്രാസനത്തിലെ എം.സി.സി.എൽ. സംഘടനയുടെ ആഭിമുഖ്യത്തിൽ കുഞ്ഞുങ്ങൾക്കായി ജനുവരി മാസത്തിൽ ഒരു അഭിനയഗാനം മത്സരം നടത്തുന്നു. മത്സരസംബന്ധമായ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അഭിനയ ഗാനത്തിന്റെ സമയം 3 മിനിറ്റ് ആണ്.
2) മത്സരാർത്ഥിതന്നെ പാട്ടുപാടി അഭിനയിക്കേണ്ടതാണ്.
3) എട്ടു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആണ് ഈ മത്സരം ക്രമീകരിച്ചിരിക്കുന്നത്. (2013 ജനുവരി ഒന്നിന് ശേഷം ജനിച്ചവർ)
4) അഭിനയ ഗാനത്തിന് വീഡിയോ റെക്കോർഡ് ചെയ്തു, എഡിറ്റ് ചെയ്യാതെ നൽകേണ്ടതാണ്.
5) ഒരു ഇടവകയിൽ നിന്ന് എത്ര പേർക്ക് വേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
6) മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ ഇടവക വികാരിയുടെയും ഇടവകയിലെ പ്രഥമാധ്യാപകന്റെയും അറിവോടുകൂടി അഭിനയ ഗാനത്തിന്റെ വീഡിയോ ജില്ലാ ഡയറക്ടർക്ക് ഫെബ്രുവരി 7-ാം തീയതിക്ക് മുൻപായി അയച്ചു കൊടുക്കേണ്ടതാണ്.
7) ഒരു ജില്ലയിലെ മികച്ച പത്ത് മത്സരാർഥികളുടെ വീഡിയോ ജില്ലാ ഡയറക്ടർമാർ ഭദ്രാസന കാര്യാലയത്തിന് നൽകേണ്ടതാണ്.
8) ക്രിസ്തീയ അഭിനയഗാനങ്ങൾ ആണ് മത്സരത്തിനായി പരിഗണിക്കുന്നത്.



# എം.സി.വൈ.എം.

## ജനുവരി 16 ഗ്ലോബൽ മീറ്റ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന ഗ്ലോബൽ മീറ്റ് 2021 ജനുവരി 16 പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. തദവസരത്തിൽ രൂപതാ യുവജന സമിതിയുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. 2021 വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള തീം യുവജനങ്ങൾ, സാഹോദര്യത്തിന്റെ അപ്പസ്തോലർ ബഹു. ജോളി കരിമ്പിലച്ചൻ അവതരിപ്പിച്ചു. സഭാതല യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ഭദ്രാസന പ്രസിഡന്റ് ജസ്റ്റിൻ പൊന്നെടുത്തക്കുഴിയുടെ നേതൃത്വത്തിൽ പാറശ്ശാല ഭദ്രാസന സമിതി പ്രതിനിധികൾ പങ്കെടുത്തു.

## വാർഷിക സെനറ്റ്

പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം. സെനറ്റ് സമ്മേളനം 2021 ജനുവരി 26 ന് പനച്ചമൂട് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്നു. സമ്മേളനത്തിന് ആമുഖമായി പനച്ചമൂട് യൂണിറ്റിന്റെ നേതൃത്വത്തിൽ ജപമാല പ്രാർത്ഥന നടന്നു. ഭദ്രാസന ആനിമേറ്റർ സി. സംപ്രീത ഡിം.എം. പതാകയുയർത്തി സെനറ്റ് സമ്മേളനം ആരംഭിച്ചു. തുടർന്ന് ഭാരത റിപ്പബ്ലിക് ദിനാഘോഷവും നടന്നു. 10 മണിക്കാരംഭിച്ച സമ്മേളനം ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് നിലവിളക്കു തെളിച്ച് ഉദ്ഘാടനം ചെയ്തു. ഭദ്രാസന യുവജന പ്രസ്ഥാന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ അസി. ഡയറക്ടർ ആമുഖ സന്ദേശം നൽകി. ചെമ്പൂർ ജില്ലാ ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് കുരിയാക്കോട്ട്, ജില്ലാ പ്രസിഡന്റ് ശ്രീ. അനു പന്ത, യൂണിറ്റ് പ്രസി

ഡന്റ് ശ്രീ. മാർട്ടിൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് യുവജനങ്ങളും കോവിഡാനന്തര ലോകവും എന്ന വിഷയം അടിസ്ഥാനമാക്കി നടന്ന പഠനക്ലാസിന് നസ്രത്ത് ഹോംസ്കൂൾ ബർസാർ ബഹു. ഷീൻ പാല ക്കുഴിയച്ചൻ നേതൃത്വം നൽകി. 5 വൈദിക ജില്ലകളിലേയും യുവജന സമിതിയുടെ റിപ്പോർട്ടവതരണത്തിനു ശേഷം ഭദ്രാസന യുവജനപ്ര സ്ഥാനത്തിന്റെ വാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ഏയ്ഞ്ചൽ മേരിയും വാർഷികകണക്ക് ട്രഷറർ ജഗിൻ രാജും അവതരിപ്പിച്ചു പാസാക്കി. അതിനെത്തുടർന്ന് പൊതുസംഘടനാ ചർച്ചയും, 2021 വർഷത്തെ കർമ്മപരിപാടികളെക്കുറിച്ചുള്ള ആലോചനയും നടന്നു. ഭദ്രാസന വികാരി ജനറാൾ വന്ദ്യ മോൺ. ജോസ് കോണത്തുവിള അച്ചൻ സമാപന സന്ദേശം നൽകി. ഉച്ചഭക്ഷണത്തോടെ സെനറ്റ് സമ്മേ ളനം സമാപിച്ചു.

## കർമ്മപദ്ധതി ഉദ്ഘാടനം

പാറശ്ശാല ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനത്തിന്റെ 2021 വർഷത്തെ പ്രവർത്തനങ്ങളുടെ ഔദ്യോഗക ഉദ്ഘാടനം ഭദ്രാസന അദ്ധ്യ ക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് 2021 ഫെബ്രു വരി 21 ഞായറാഴ്ച ഉച്ചയ്ക്കുശേഷം നിർവഹിക്കുന്നതാണ്. കാട്ടാക്കട വൈദികജില്ലയിടെ ആതിഥേയതത്വത്തിൽ നടക്കുന്ന കർമ്മപദ്ധതി ഉദ്ഘാടന പരിപാടികൾ പുത്തൻകാവുവിള സെന്റ് ആന്റണീസ് ദൈവാ ലയത്തിൽ വച്ച് നടക്കുന്നതാണ്. യുവജനങ്ങൾ, സാഹോദര്യത്തിന്റെ അപ്പസ്തോലർ എന്നതാണ് ഈ വർഷത്തെ പഠന വിഷയം.



## ആശംസകൾ

കേരള സർവകലാശാല എം.എ. മലയാളം പരീക്ഷയിൽ ബാലരാമപുരം വൈദിക ജില്ല യിലെ പാമാംകോട് ഇടവകാംഗം സുകന്യ ബി. രണ്ടാം റാങ്ക് കര സ്ഥമാക്കിയ. ഭദ്രാസന യുവജന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചന്റെ നേതൃത്വത്തിൽ ഭദ്രാസന സമിതി പ്രതിനിധികളും ബാലരാ മപുരം വൈദികജില്ലാ പ്രതിനിധികളും 2021 ജനുവരി 10-ന് ഭവന ത്തിൽ പോയി റാങ്കു ജേതാവായ സുകന്യയ്ക്ക് ആശംസകൾ നേർന്നു.

## അഭിനന്ദനങ്ങൾ

2021 വർഷത്തെ കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാറശ്ശാല ഭദ്രാസന സമിതി അംഗവും പാറശ്ശാല കത്തീഡ്രൽ ഇടവകാംഗവുമായ അഗസ്റ്റിൻ ജോണിന് ആശംസകൾ. ജനുവരി 30-31 തീയതികളിലായി എറണാകുളം പി.ഒ.സി. യിൽ വച്ച് നടന്ന സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ വച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്.



## മലങ്കര കാത്തലിക് അസോസിയേഷൻ (MCA), പാറശ്ശാല ഭദ്രാസന സമിതി

**2021 - 2022 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സമയക്രമം**

| | |
|---|---|
| **24-01-2021** | **: ജില്ലാ സന്ദർശനം** |
| കാട്ടാക്കട | : 2 മണിക്ക് - മലങ്കര ഭവൻ |
| ചെമ്പൂര് | : 3 മണിക്ക് - ചെമ്പൂര് മലങ്കര ദൈവാലയം |
| **31-01-20201** | **: ജില്ലാ സന്ദർശനം** |
| പാറശ്ശാല | : 2 മണിക്ക് - ധനുവച്ചപുരം |
| നെയ്യാറ്റിൻകര | : 3.30 മണിക്ക് - കൊടങ്ങാവിള |
| ബാലരാമപുരം | : 5 മണിക്ക് - ബാലരാമപുരം |
| **07-02-2021** | : അംഗത്വ വിതരണം |
| **14-02-2021** | : യൂണിറ്റ് തിരഞ്ഞെടുപ്പ് |
| **17-02-2021** | : ജില്ലാ തിരഞ്ഞെടുപ്പ് |
| **28-02-2021** | : ഭദ്രാസന സമിതി തിരഞ്ഞെടുപ്പ് |



# മാതൃവേദി

## ഗൂഗിൾ മീറ്റ്

മാതൃവേദി  ഭദ്രാസന സമിതി ജനുവരി 22ന് ഗൂഗിൾ മീറ്റ് വഴി കൂടുകയും ഫെബ്രുവരി 6 ശനിയാഴ്ച പാറശ്ശാല ഭദ്രാസന സാമൂഹ്യക്ഷേമ വിഭാഗം 'ക്ഷേമ' (KIDS) മായിച്ചേർന്ന് ക്യാൻസർ ബോധവൽകരണ സെമിനാർ നടത്താൻ തീരുമാനിച്ചു

## ആശാ കിരണം ക്യാൻസർ ബോധവൽക്കരണ സെമിനാർ

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി മാതൃവേദിയും ക്ഷേമയും ഐ.എം.എ. യുമായി സഹകരിച്ച് 2021 ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച നെയ്യാറ്റിൻകര വൈദിക ജില്ലയിലെ കൊടങ്ങാവിള സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് ക്യാൻസർ ബോധവൽക്കരണ ശില്പശാല സംഘടിപ്പിച്ചു. അതേത്തുടർന്ന് മാതൃവേദി ഭദ്രാസന സമിതി യോഗം നടന്നു.



# കുടുംബ പ്രേഷിത കാര്യാലയം



## വിവാഹ ഒരുക്കസെമിനാർ - ഡിസംബർ മാസം

2020 ഡിസംബർ 18, 19 തീയതികളിൽ ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനത്തിലെ ആദ്യ വിവാഹ ഒരുക്ക സെമിനാർ നടന്നു. അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉത്ഘാടനം ചെയ്തു. കുടുംബങ്ങൾ കൃപയുടെ നിറവിലേക്ക് എന്നതായിരുന്നു സെമിനാറിന്റെ ആപ്തവാക്യം. 25 യുവാക്കന്മാരും 21 യുവതികളും ഉൾപ്പെടെ 46 പേർ വിവിധ ഇടവകകളിൽ നിന്നും ഈ സെമിനാറിൽ പങ്കെടുത്തു.

18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് ആരംഭിച്ച് 19-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സമാപിച്ച സെമിനാറിൽ ബഹുമാനപ്പെട്ട റവ. ഡോ. വർഗ്ഗീസ് നടുതല, റവ. ഡോ. പ്രഭീഷ് ജോർജ്ജ്, റവ. ഡോ. ജോർജ്ജ് തോമസ്, ഫാ. ഐസക് മാവറവിളാകം ഡോ. ജോയി ജോൺ, ഡോ. സോണി ജോസ്, ശ്രീ. രഞ്ചിത്ത്, ശ്രീ. നിക്സൻ ലോപ്പസ്, പ്രഫ. ജോർജ്ജ് ജോസഫ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

സെമിനാറിൽ പങ്കെടുത്തവർക്ക് വി. കുമ്പസാരം, ദിവ്യകാരുണ്യ ആരാധന, കൗൺസിലിംഗ് എന്നിവയിലൂടെ ആത്മീയ ഒരുക്കം നൽകി. റവ. സി. മേഴ്സി സേവ്യർ, റവ. സി. മേരി ഡൊമനിക്ക്, റവ. സി. രശ്മി തോമസ്, റവ. സി. ഗ്രേസി എന്നിവർ സെമിനാറിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



## വിവാഹ ഒരുക്കസെമിനാർ - ജനുവരി മാസം

2021 ജനുവരി 15, 16 തീയതികളിൽ ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് രണ്ടാമത്തെ വിവാഹ ഒരുക്ക സെമിനാർ നടന്നു. കുടുംബങ്ങൾ - സ്നേഹത്തിന്റെ ഭവനം, ജീവന്റെ ഉറവിടം, വിശ്വാസത്തിന്റെ പാഠശാല എന്നീ ത്രിവിധ പ്രത്യേകതകളെ ചൂണ്ടിക്കാട്ടികൊണ്ട് തോമസ് മാർ യൗസേബിയോസ് പിതാവ് ക്ലാസ്സുകൾക്ക് ആരംഭംകുറിച്ചു. കൃപ നിറയുന്ന എന്ന വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ക്ലാസ്സുകൾ നടന്നു. 28 യുവാക്കന്മാരും 26 യുവതികളും ഉൾപ്പെടെ 54 പേർ വിവിധ ഇടവകകളിൽ നിന്നും ഈ സെമിനാറിൽ പങ്കെടുത്തു.

15-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.00 ന് ആരംഭിച്ച് 16-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സമാപിച്ച സെമിനാറിൽ റവ. ഡോ.വർഗീസ് നടുതല, റവ. ഡോ. പ്രഭീഷ് ജോർജ്ജ്, റവ. ഡോ. ജോർജ്ജ് തോമസ്, റവ. ഫാ. ഷീൻ തങ്കാലയം, റവ. ഫാ. ഐസക് മാവറവിളാകം, ഡോ. ജോയി ജോൺ, ഡോ. സോണി ജോസ്, ശ്രീ. രഞ്ചിത്ത്, ശ്രീ. നിക്സൻ ലോപ്പസ്, പ്രഫ. ജോർജ്ജ് ജോസഫ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ശനിയാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ മാതാപിതാക്കൾക്ക് വേണ്ടി റവ. ഫാ. ജോബി ധ്യാനവും ആരാധനയും നടത്തി. റവ. സി. ലൂസിയ ഡി.എം., റവ. സി. ജിൻസി റോസ്, റവ. സി. അനശ്വര ഡി.എം., റവ. സി. ഗ്രേസി എന്നിവർ സെമിനാറിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## വിവാഹ ഒരുക്ക സെമിനാർ 2021 മാർച്ച്

മാർച്ച് മാസത്തെ വിവാഹ ഒരുക്ക സെമിനാർ 5, 6 തീയതികളിൽ ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. വിവാഹ നിശ്ചയം കഴിഞ്ഞ യുവതി യുവാക്കന്മാരെയും കൊറോണക്കാലത്ത് സെമിനാറിൽ പങ്കെടുക്കാതെ വിവാഹിതരായവരെയും ഈ സെമിനാറിൽ പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുക.





# Kshema Integrated Development Society (KIDS)

## സന്നദ്ധ പ്രവർത്തകരെ ആദരിച്ചു

ക്ഷേമയും, എം.സി.വൈ.എം. സംയുക്തമായി രൂപീകരിച്ച പാറശ്ശാല സമരിറ്റൻ ടാസ്ക്ക് ഫോഴ്സിന്റെ അംഗങ്ങളെ 2020 ഡിസംബർ 18-ാം തീയതി പാറശ്ശാല ബിഷപ് ഹൗസിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ കെ.സി.ബി.സിയുടെ സാമൂഹിക വികസന കാര്യാലയമായ കെ.എസ്.എസ്.എഫ്. ആദരിച്ചു. മോൺ. ജോസ് കോണത്തുവിള, ഫാ. ജേക്കബ് മാവുങ്കൽ, ഫാ. ജോർജ് വെട്ടിക്കാട്ട്, ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്, ഫാ. സാം പുത്തൻവീട്, ഫാ. ഷീൻ തങ്കാലയം, ഫാ. വിമൽ വിൻസെന്റ്, സിസ്റ്റർ ജെസീന എന്നിവർ പങ്കെടുത്തു.




## ക്യാൻസർ രോഗികൾക്ക് ക്രിസ്തുമസ് സമ്മാനം

ആശാകിരണം ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഡിസംബർ 18-ാം തീയതി കുടയാൽ ദൈവാലയത്തിൽ വച്ച് ക്യാൻസർ ദുരിതമനുഭവിക്കുന്നവർക്ക് ക്രിസ്തുമസ് കിറ്റ് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് സമ്മാനിച്ചു.

## ആശാ കിരണം ക്യാൻസർ ബോധവൽക്കരണ സെമിനാർ

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ക്ഷേമയും മാതൃവേദിയും ഐ.എം.എ. യുമായി സഹകരിച്ച് 2021 ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച കൊടങ്ങാവിള സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് ക്യാൻസർ ബോധവൽക്കരണ ശില്പശാല സംഘടിപ്പിച്ചു. മാതൃവേദി ഭദ്രാസന പ്രസിഡന്റ് ശ്രീമതി ജോളി അധ്യക്ഷത വഹിച്ചു. മാതൃവേദി ഭദ്രാസന ഡയറക്ടർ ഫാ. രാജേഷ് പാറയിൽക്കട, ശ്രീമതി സിന്ധു എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ ഹേമ ഫ്രാൻസിസ് ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ ഫാ. സാജൻ പുത്തൻവീട് സ്വാഗതവും ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ നന്ദിയും അറിയിച്ചു. ഡോ. മോഹൻ റോയ് ക്ലാസുകൾക്ക് നേതൃത്വം നൽകി. 50 അമ്മമാർ പങ്കെടുത്തു.

## പാരിഷ് കാരിത്താസ് പരിശീലനം

പാറശ്ശാല ഭദ്രാസനത്തിലെ സാമൂഹിക വികസന കാര്യാലയം ക്ഷേമ, കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പാരിഷ് കാരിത്താസ് രൂപീകരണത്തിന്റെ ഭാഗമായി ഭദ്രാസന മാതൃ വേദി ഭാരവാഹികൾക്ക് പരിശീലനം നൽകി. ഫാ. ജോർജ്ജ് വെട്ടിക്കാ ട്ടിൽ, സന്നദ്ധ പ്രവർത്തനം, പാരിഷ് കാരിത്താസ് എന്നിവയെക്കുറിച്ച് ക്ലാസെടുത്തു. ചർച്ചകൾക്ക് ഫാ. സാജൻ പുത്തൻവീട്, ഫാ. ഷീൻ തങ്കാലയം, ഫാ. രാജേഷ് പാറയിൽക്കട എന്നിവർ നേതൃത്വം നൽകി.

---

### സുവിശേഷസംഘം

2020 ഫെബ്രുവരി 29 ന് നെയ്യാറ്റിൻകരയിൽ ശ്രീ കാരുണ്യ മിഷൻ സ്പെഷ്യൽ സ്കൂളിലെ അന്തേവാസികളായ ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് ഉച്ചഭക്ഷണം നൽകുകയും ചെയ്തു. പാറശ്ശാല ഭദ്രാസനത്തിലെ മൈനർ സെമി നാരിയുടെ ശുശ്രൂഷയ്ക്കായി 20,000 രൂപ സംഭാവനയായി നൽകി. റവ. ഫാ. ആന്റണി കാക്കനാട്, റവ. ഫാ. ആന്റണി കല്ലിൽ എന്നി വരുടെ നേതൃത്വത്തിൽ 'സൂം' മീറ്റിംഗ് നടത്തിവരുന്നു. വിവിധ ഇടവ കകളിലും പ്രാർത്ഥനാ കൂട്ടായ്മകളിലും വൈദികർക്ക് ഒപ്പം ചേർന്നു കൊണ്ട് സുവിശേഷ സംഘാംഗങ്ങൾ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.



# വിദ്യാഭ്യാസം

## ഉപവാസ സമരം

കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷനും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി നടത്തിവന്ന ഉപവാസ സമരം 2020 നവംബർ 4 ന് അവസാനിച്ചു. സർക്കാരുമായുള്ള ചർച്ചയ്ക്കു ശേഷം സമരപന്തലിൽ എത്തി മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയാണ് സമരം അവസാനിപ്പിക്കുന്നതായി അറിയിച്ചത്.



ബഹു: മുഖ്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി, ധനകാര്യ മന്ത്രി, വിദ്യാഭ്യാസ, ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ ഇവർക്ക് ബാവ തിരുമേനി നന്ദിയർപ്പിച്ചു. ധാരണകൾ അറിയിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് സംസാരിച്ചു. എയ്ഡഡ് സ്കൂളുകളിൽ നിയമാനുസൃതം നിയമിക്കപ്പെട്ടവരും എന്നാൽ ഇതുവരെ നിയമനാംഗീകാരം ലഭിക്കാത്തതുമായ അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ധാരണയായി. ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്ക്, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് എന്നിവരുമായി കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നിവരുടെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് പ്രതിനിധികൾ നടത്തിയ ചർച്ചയിലാണ് ധാരണയായത്. പൊതുവിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി എ. ഷാജഹാൻ, അഡീഷണൽ ഡി.പി.ഐ. സന്തോഷ് എന്നിവരും പങ്കെടുത്തു.



പാറശ്ശാല ഭദ്രാസന കറസ്പോണ്ടന്റ് ഫാ. ഷീൻ തങ്കാലയം, പ്രസിഡന്റ് ശ്രീ. ജോർജ്ജ് രത്നം, സെക്രട്ടറി ശ്രീ. ജാക്സൺ, ട്രഷറർ ശ്രീമതി മിനി എന്നിവരുടെ നേതൃത്വത്തിൽ ഭദ്രാസന പ്രതിനിധികൾ സമരപരിപാടികളിൽ സംബന്ധിച്ചു.

## പാറശ്ശാല ടീച്ചേഴ്സ് ഗിൽഡ് യുവജനോത്സവം 2020

പാറശ്ശാല ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് വേണ്ടി ഓൺലൈൻ യുവജനോത്സവം സംഘടിപ്പിച്ചു. നവംബർ 30 ന് നടന്ന മത്സരങ്ങളിൽ എല്ലാ വിദ്യാലയങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.

### മത്സരഫലം (വിദ്യാർഥികൾ)

**എൽ. പി. വിഭാഗം:**

**1. ലളിതഗാനം**

1. അക്ഷയ (MSC LPS, Pampukala)
2. അപർണ്ണ S (MSC LPS, Cheriyakolla)

**2. ചിത്രരചന**

1. അഭിമന്യു (MSC LPS, Ponnumangalam)
2. അക്ഷയ (MSC LPS, Pambukala)

**യു. പി. വിഭാഗം:**

**1. ലളിതഗാനം**

1. ആദിത്യ B K (St. Chrysostom's GHS, Nellimoodu)
2. ഗംഗ (St. Joseph's UPS, Venniyoor)

2. പ്രസംഗം

1. മീവൽ ഫ്രാൻസിസ് (St. Chrysostom's GHS, Nellimoodu)
2. മവിത (MSC LPS, Maruthathoor)

**എച്ച്. എസ്. വിഭാഗം:**

1. **ലളിതഗാനം** - 1. അഭയ B B (St. Chryosostom's GHS, Nellimoodu)
2. **പ്രസംഗം** - 1. സോണി എസ്. മോഹൻ (St. Chrysostom's GHS, Nellimoodu)

3. **ഉപന്യാസം** - 1. സാന്ത്വന എസ്. (St.Chrysostom's GHS, Nellimoodu)

**മത്സരഫലം (അധ്യാപകർ)**

1. **കവിതാ രചന :**

1st - Mrs. Binni Christy (St.Chrysostom's GHS, Nellimoodu)

2nd - Mrs. Ancy P Albert (St.Chrysostom's GHS, Nellimoodu)

**2. ഉപന്യാസം :**

1st : Sr. Anit Arayanickal D M (St. Joseph's UPS, Venniyoor)

2nd : Sr. Sangeeth DM (St. Joseph's UPS, Venniyoor)

**In-charge :**

ലളിതഗാനം : Mrs. Jayasree

പ്രസംഗം : Rev. Sr. Deepa

ഉപന്യാസം : Mrs. Doly

ചിത്രരചന : Mr. Vijayan

Teachers' Competition: Mrs. Mini

പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ!!

— — — — — — — — — — — — — — —



പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം. വാർഷിക സെനറ്റ്




വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പായുടെ കബറിടം

Design & Layout : Syam, Nia Graphics, Chowara 9747 044 811



പാറശ്ശാല ഭദ്രാസന വൈദികരുടെ ധ്യാനത്തിൽ പങ്കെടുത്ത ബഹുമാനപ്പെട്ട വൈദികർ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം

Printed and Published by Diocese of Parassala
Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502